# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 670 27.04.2017-ൽ മറുപടിയ്ക്ക്

### ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആദിവാസി വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാനും ലക്ഷ്യമിട്ട സംസ്ഥാന സർക്കാരിന്റെ 'ഗോത്രബന്ധു പദ്ധതി'യുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | എ) | വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 241 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ഓരോ സ്കൂളിലും അദ്ധ്യാപകരായി നിയമിക്കാൻ ഗോത്രബന്ധു പദ്ധതി വഴി ലക്ഷ്യമിടുന്നു.<br>ജില്ലയിലെ പിന്നോക്ക ഗോത്രവിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒന്നാം തരത്തിലുള്ള കുട്ടികളെയാണ് പദ്ധതിയുടെ ആദ്യവർഷം പ്രത്യേകം ലക്ഷ്യമിടുന്നത്.<br>ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക, പഠന പ്രവർത്തനത്തിൽ ഒന്നാം ക്ലാസിലെ അദ്ധ്യാപികക്കൊപ്പം |

| | | | |
|---|---|---|---|
| | | | നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റു വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹാദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ് ടി പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ ചുമതലകൾ. |
| ബി) | മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി ആദിവാസി വിഭാഗങ്ങളിൽപ്പെടുന്ന എത്ര പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകും എന്നാണ് കണക്കാക്കുന്നത്? | ബി) | ഗോത്രബന്ധു പദ്ധതിയുടെ ഭാഗമായി ആദിവാസി വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള 241 പേർക്ക് തൊഴിലവസരം ലഭ്യമാകും. |

സെക്ഷൻ ഓഫീസർ